പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7428 17.7.2012-ൽ മറുപടിക്ക്

## കോർപ്പറേഷനുകളിലെ ഖരമാലിന്യം പായ്ക്കറ്റുകളിലാക്കുന്ന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലെ ഖരമാലിന്യം പായ്ക്കറ്റുകളിലാക്കാൻ ഉദ്ദേശിക്കുന്നുവോ ; വിശദമാക്കുമോ ; | എ) & ബി) | സംസ്ഥാനത്തെ 5 സിറ്റി കോർപ്പറേഷനുകളിലും ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യ സംസ്ക്കരണ പ്ലാന്റുകളിൽ പലവിധ കാരണങ്ങളാൽ സംസ്ക്കരിക്കപ്പെടാൻ സാധിക്കാത്തതിനാൽ സിറ്റിയുടെ പല ഭാഗങ്ങളിലും മാലിന്യ കൂമ്പാരങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഇപ്രകാരം രൂപപ്പെട്ടിട്ടുള്ള മാലിന്യ കൂമ്പാരങ്ങൾ എത്രയും പെട്ടെന്ന് സംസ്ക്കരിക്കപ്പെട്ടില്ലെങ്കിൽ പൊതുജനങ്ങളുടെ ആരോഗ്യത്തിന് ദോഷകരമായി ഭവിക്കുന്നതാണ് എന്ന് വിലയിരുത്തിയിരുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സിറ്റി കോർപ്പറേഷനുകളിൽ സ്ഥാപിക്കുന്നതിന് സർക്കാർ നടപടി എടുത്തു വരുന്നുണ്ട്. എന്നാൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ഇവ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ സർക്കാർ സിറ്റി കോർപ്പറേഷനുകളിൽ അവിടവിടെയായി കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ ബെയിലിംഗ് സിസ്റ്റം ഉപയോഗിച്ച് ബണ്ടിലുകളാക്കി സൂക്ഷിക്കുന്നതിനും, ആധുനിക പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങുന്ന മുറയ്ക്ക് അവയിൽ സംസ്ക്കരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കാനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇതിലേക്കായി KSUDP-യുടെ വാർഷിക പദ്ധതിയിൽ നിന്നും 30 കോടി രൂപയും, തൃശൂർ കോർപ്പറേഷനിൽ ലാലൂർ മോഡൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിനു വേണ്ടി മാറ്റി വച്ചിട്ടുള്ള തുകയിൽ നാളിതുവരെ ചെലവഴിക്കാത്ത തുകയും ഉൾപ്പെടുത്തി ബെയിലിംഗ് സിസ്റ്റം അനുസരിച്ച് മാലിന്യം ബണ്ടിലുകളാക്കി സൂക്ഷിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി മെഷിനറികൾ സർക്കാർ വാങ്ങാൻ ഉദ്ദേശിക്കുന്നില്ല. ഇത്തരത്തിൽ സേവനം നൽകാൻ തയ്യാറുള്ള ഏജൻസിയുടെ സേവനം പി.പി.പി ആയി തേടാനാണ് ലക്ഷ്യമിടുന്നത്. സ്ഥലം |
| ബി) ഇപ്രകാരം പായ്ക്കറ്റുകളിലാക്കാൻ എന്ത് സാങ്കേതികവിദ്യയാണ് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനു വേണ്ടി യന്ത്രങ്ങൾ വാങ്ങാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു. ഇതിനായി എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ; | | |

നൽകാനും ബെയിലിംഗിന് ആവശ്യമായ മെഷിനറികൾ ഏജൻസി വാങ്ങി പ്രവർത്തിപ്പിക്കുന്ന തരത്തിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മാലിന്യം ബെയിലിംഗ് സിസ്റ്റം ഉപയോഗിച്ച് ബണ്ടിലുകളാക്കാൻ സേവനം നൽകാൻ തയ്യാറുള്ള ആൾക്കാരിൽ നിന്നും 9-7-2012-ന് അവസാന തീയതി നിശ്ചയിച്ച് ശുചിത്വമിഷൻ ദർഘാസ് ക്ഷണിച്ചിട്ടുണ്ടായിരുന്നു. ഇതിൻ പ്രകാരം 2 ദർഘാസുകൾ ഈ പ്രവൃത്തിക്കു വേണ്ടി ലഭിച്ചിട്ടുണ്ട്. ആയതിന്റെ സാങ്കേതിക പരിശോധന വിദഗ്ദ സമിതിയുടെ നേതൃത്വത്തിൽ നടന്നു വരികയാണ്.

**സി)** ഇത്തരത്തിൽ പായ്ക്കറ്റുകളിലാക്കുന്ന മാലിന്യങ്ങൾ എത്ര ദിവസം വരെ സൂക്ഷിക്കുവാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത് ; ഇതിലേക്ക് കുടുംബശ്രീ ക്ലീൻവെൽ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുമോ; പ്രസ്തുത സംരംഭം എന്നു മുതൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

**സി)** ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സിറ്റി കോർപ്പറേഷനുകളിൽ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നതുവരെ മാലിന്യം ബയിലിംഗ് സിസ്റ്റം ഉപയോഗിച്ച് ബണ്ടിലുകളാക്കി സൂക്ഷിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മെഷിനറി ഉപയോഗിച്ച് പി.പി.പി അടിസ്ഥാനത്തിൽ നടപ്പാക്കുന്നതായതിനാൽ ഇതിലേക്ക് കുടുംബശ്രീ, ക്ലീൻ വെൽ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

ഡി) ഇപ്രകാരം ഖരമാലിന്യം പായ്ക്കറ്റുകളിലാക്കുന്ന പദ്ധതി മുനിസിപ്പാലിറ്റികളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; വിശദമാക്കുമോ ?

**ഡി)** തുടക്കത്തിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നിലനിൽക്കുന്ന കോർപ്പറേഷനുകളിലാണ് ബെയിലിംഗ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ വിജയം വിലയിരുത്തിയിട്ട് മറ്റു നഗരസഭകളിൽ കൂടി ഖരമാലിന്യം പാക്കറ്റുകളിലാക്കി സൂക്ഷിക്കുന്ന പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**